റവന്യൂ വകുപ്പിൽ നിയമനം

120 [1059] ശ്രീ. കെ. എ. ചന്ദ്രൻ :
" പ്രയാർ ഗോപാലകൃഷ്ണൻ :
" കെ. സി. ജോസഫ് :
" പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ എൽ.ഡി.സി.-മാരുടെ നിയമനം ജില്ലാടിസ്ഥാനത്തിലാണോ നടത്തുന്നത് ; പ്രസ്തുത വകുപ്പിൽ യു.ഡി.സി., സ്പെഷ്യൽ വില്ലേജ് ഓഫീസർ എന്നീ തസ്തികകൾക്ക് സ്റ്റേറ്റ് സീനിയോറിറ്റിയാണോ നിലവിലുള്ളത് ;

(ബി) പ്രസ്തുത വകുപ്പിൽ യു.ഡി.സി.ആയോ, സ്പെഷ്യൽ വില്ലേജ് ഓഫീസറായോ സ്ഥാനക്കയറ്റം നൽകുമ്പോൾ അവരെ എൽ.ഡി.സി.-യായി നിയമിക്കപ്പെടുന്ന ജില്ലയിൽ ഒഴിവ് ഇല്ലാതെ വരുന്നപക്ഷം മറ്റ് ജില്ലകളിലേക്ക് നിയമിക്കാറുണ്ടോ ; എങ്കിൽ എന്തു വ്യവസ്ഥപ്രകാരം എന്ന് പറയുമോ ;

(സി) റവന്യൂ വകുപ്പിൽ യു.ഡി.സി.-യായോ, സ്പെഷ്യൽ വില്ലേജ് ഓഫീസറായോ ഒരു ജില്ലയിൽ ജോലി നോക്കുന്നവർക്ക് മറ്റൊരു ജില്ലയിലേക്ക് സ്ഥലം മാറ്റം നൽകപ്പെടുന്നപക്ഷം അത് സർവ്വീസിലോ വകുപ്പിന്റെ സീനിയോറിറ്റി ലിസ്റ്റിലോ മറ്റു വിധത്തിലോ എന്തെല്ലാം മാറ്റങ്ങളാണുണ്ടാക്കുന്നതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) റവന്യൂ വകുപ്പിൽ എൽ.ഡി.സി.-മാരുടെ തലം മുതൽ ചട്ടപ്രകാരം സ്റ്റേറ്റ് യൂണിറ്റ് ആണെങ്കിലും എൽ.ഡി.സി.-മാരുടെ നിയമനം ജില്ലാടിസ്ഥാനത്തിലാണ് നടത്തുന്നത്. റവന്യൂ വകുപ്പിൽ യു.ഡി.സി./സ്പെഷ്യൽ വില്ലേജ് ഓഫീസർ തസ്തികകൾക്ക് സ്റ്റേറ്റ് സീനിയോറിറ്റിയാണ് നിലവിലുള്ളത്.

(ബി) റവന്യൂ വകുപ്പിൽ യു.ഡി.സി.ആയോ സ്പെഷ്യൽ വില്ലേജ് ഓഫീസറായോ സ്ഥാനക്കയറ്റം നൽകുമ്പോൾ അവരെ എൽ.ഡി.സി. ആയി നിയമിക്കപ്പെടുന്ന ജില്ലയിൽ ഒഴിവ് ഇല്ലാതെ വരുന്നപക്ഷം യു.ഡി.സി./എസ്.വി.ഒ. ഒഴിവുള്ള ഇതര ജില്ലകളിലേക്ക് താൽക്കാലികമായി അലോട്ട് ചെയ്യുകയും സ്വന്തം ജില്ലയിൽ യു.ഡി.സി./എസ്.വി.ഒ. ഒഴിവുണ്ടാകുന്ന മുറയ്ക്ക് അവർക്ക് റീ അലോട്ട്മെന്റ് നൽകുകയും ചെയ്യുന്നു. സ്ഥാനക്കയറ്റം നിഷേധിക്കാൻ സാധിക്കാത്തതിനാലാണ് ഇപ്രകാരം നിയമിക്കുന്നത്.

(സി) റവന്യൂ വകുപ്പിൽ യു.ഡി.സി./എസ്.വി.ഒ. കേഡർ സംസ്ഥാനതല സീനിയോറിറ്റിയിൽപ്പെടുന്നതിനാൽ, അന്തർജില്ലാ സ്ഥലംമാറ്റംമൂലം സീനിയോറിറ്റി ലിസ്റ്റിൽ മാറ്റങ്ങൾ ഉണ്ടാകുന്നില്ല. എന്നാൽ സ്ഥാനക്കയറ്റം നൽകി താൽക്കാലികമായി ഇതര ജില്ലകളിൽ നിയമിച്ച യു.ഡി.സി./എസ്.വി.ഒ.-മാർക്ക് റീ അലോട്ട്മെന്റ് നൽകാൻ കാലതാമസം നേരിടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly